## നോർക്ക-റൂട്ട്സ് സൗദിയിലേക്കും ഖത്തറിലേക്കും ലീഗൽ ലൈസൺ ഓഫീസർമാരെ ക്ഷണിക്കുന്നു

പ്രവാസി കേരളീയർ വിദേശത്ത് നേരിടുന്ന നിയമപ്രശ്നങ്ങളിൽ പ്രധാനമായും ജോലി സംബന്ധമായവ, പാസ്പോർട്ട്, വിസ, മറ്റ് സാമൂഹ്യപ്രശ്നങ്ങൾ കൂടാതെ ശിക്ഷ, ജയിൽവാസം, ഇതുമായി ബന്ധപ്പെട്ട ആശുപത്രി ചികിത്സ എന്നീ വിഷയങ്ങളിൽ സഹായിക്കുന്നതിന് കേരളസർക്കാർ ആരംഭംകുറിച്ച **പ്രവാസി നിയമസഹായസെൽ** എന്ന പദ്ധതിയിൻ കീഴിൽ **സൗദിയിലേക്കും ഖത്തറിലേക്കും** ലീഗൽ **ലൈസൺ ഓഫീസർമാരെ** തിരഞ്ഞെടുക്കുന്നതിന് താൽപര്യമുള്ള മലയാളി അഭിഭാഷകരിൽ നിന്നും നോർക്ക-റൂട്ട്സ് അപേക്ഷ ക്ഷണിക്കുന്നു.

**ലീഗൽ ലൈസൺ ഓഫീസറുടെ യോഗ്യതകൾ**

1. അപേക്ഷിക്കുന്ന വ്യക്തി കേരളീയനായിരിക്കണം. മലയാളഭാഷ എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള വ്യക്തിയായിരിക്കണം.
2. അതാത് വിദേശരാജ്യങ്ങളിലെ പ്രാദേശിക ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം.
3. കേരളത്തിൽ കുറഞ്ഞത് 2 വർഷം അഭിഭാഷകവൃത്തി ചെയ്ത പ്രവർത്തിപരിചയം ഉള്ള വ്യക്തിയായിരിക്കണം. (സ്ത്രീ/പുരുഷൻ).
4. അതാത് രാജ്യത്തെ അഭിഭാഷകരുടെ കൂടേയോ/നിയമസ്ഥാപനങ്ങളിലോ കുറഞ്ഞത് രണ്ടുവർഷമെങ്കിലും ജോലി ചെയ്ത പരിചയം ഉള്ളവരായിരിക്കണം.
5. വിദ്യാഭ്യാസ/പ്രവൃത്തിപരിചയ രേഖകളുടെ പകർപ്പുകളും വിദേശമലയാളികൾ സാധാരണ നേരിടുന്ന നിയമപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര സാദ്ധ്യതകളും സംബന്ധിച്ച് 200 വാക്കിൽ കുറയാത്ത ഒരു കുറിപ്പും തയ്യാറാക്കി അപേക്ഷയോടൊപ്പം അനുബന്ധമായി അയക്കേണ്ടതാണ് .

**മറ്റ് നിബന്ധനകൾ**

1. ഹോണറേറിയം ഇന്ത്യൻ രൂപയായിട്ടായിരിക്കും നൽകുക. ലീഗൽ ലൈസൺ ഓഫീസറായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് ദേശസാത്കൃതബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
2. ലീഗൽ ലൈസൺ ഓഫീസറുടെ നിയമന കാലാവധി 2 വർഷത്തേക്കായിരിക്കും. കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനം ലീഗൽ ലൈസൺ ഓഫീസർ കാഴ്ചവയ്ക്കാത്ത പക്ഷം നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.
3. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നോർക്ക-റൂട്ട്സ് തയ്യാറാക്കിയിട്ടുള്ള കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
4. അപേക്ഷാഫാറം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിലാസം. legalaid@norkaroots.net. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 ആഗസ്റ്റ് 15.
5. അപേക്ഷകൾ കാരണം കൂടാതേയോ അല്ലാതേയോ നിരസിക്കുവാൻ നോർക്ക-റൂട്ട്സിന് അധികാരമുള്ളതാകുന്നു.

## പ്രവാസി നിയമ സഹായസെൽ
## (PLAC)

### പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിൽ നിന്നും മധ്യകിഴക്കൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്ന തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നമാണ് അന്യനാട്ടിലുണ്ടാകുന്ന കോടതി വ്യവഹാരങ്ങളും, മറ്റ് നിയമകുരുക്കുകളും. യാതൊരു വിധ നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ തൊഴിലാളികൾ ജയിലുകളിൽ എത്തപ്പെടുകയും കടുത്ത ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിവരികയും ചെയ്യുന്നു. മതിയായ നിയമസഹായം ലഭിക്കാതെ വരുന്നതിനാൽ നിസാര കേസുകളിൽ മിക്കപ്പോഴും യാതൊരു കുറ്റവും ചെയ്യാതെ വലിയ ശിക്ഷയാണ് അനുഭവിക്കേണ്ടിവരുന്നത്.

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനുവേണ്ടി അതാത് രാജ്യങ്ങളിലെ പ്രവാസി സംഘടനകളുമായി സഹകരിച്ച് നോർക്കയുടെ പ്രവാസി നിയമസഹായസെൽ. എന്ന സർക്കാർ പദ്ധതിയിൻ കീഴിൽ ലീഗൽ ലൈസൺ ഓഫീസർമാരെ തിരഞ്ഞെടുക്കുന്നതിന് ചില മാനദണ്ഡങ്ങൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

### ഉദ്ദേശലക്ഷ്യങ്ങൾ

1. പാസ്പോർട്ട്, വിസ, ജോലി സംബന്ധമായ പ്രശ്നങ്ങൾ, മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ എന്നീ നിയമപ്രശ്നങ്ങളിൽ അകപ്പെട്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകുക.
2. കേസുകൾ ഫയൽ ചെയ്യുക, ഹർജി സമർപ്പിക്കുക, ദയാ ഹർജി നൽകുക., അത്തരത്തിലുള്ള മറ്റ് നിയമ സഹായങ്ങൾ എന്നിവ സംബന്ധിച്ച് നിയമോപദേശം നൽകുക.
3. പ്രവാസി മലയാളി സാംസ്ക്കാരിക സംഘടനകളുമായി സഹകരിച്ച് നിയമ അവബോധ പരിപാടികൾ സംഘടിപ്പിക്കുക..
4. ദ്വിഭാഷി സഹായം നൽകുക.
5. കഷ്ടത അനുവഭവിക്കുന്ന പ്രവാസി മലയാളികൾക്ക് അടിയന്തിര സാഹചര്യത്തിൽ നിയമസഹായം നൽകുക.

### ലീഗൽ ലൈസൺ ഓഫീസറുടെ യോഗ്യതകൾ

1. അപേക്ഷിക്കുന്ന വ്യക്തി കേരളീയനായിരിക്കണം. മലയാളഭാഷ എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള വ്യക്തിയായിരിക്കണം. അതാത് രാജ്യങ്ങളിലെ പ്രാദേശിക ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം.
2. അഡ്വക്കേറ്റായി കേരളത്തിൽ കുറഞ്ഞത് 2 വർഷത്തെ പ്രവർത്തിപരിചയം ഉള്ള വ്യക്തിയായിരിക്കണം. ജി.സി.സി രാജ്യങ്ങളിലെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.

3. മേൽ പ്രതിപാദിച്ച രണ്ട് വ്യവസ്ഥകളും പൂർത്തീകരിക്കുന്ന വ്യക്തി ജി.സി.സി രാജ്യങ്ങളിലെ അഡ്വക്കേറ്റ് അസോസിയേഷനിൽ രണ്ട് വർഷമെങ്കിലും അംഗത്വം നേടിയിട്ടുള്ള വ്യക്തിയായിരിക്കണം.

## ലീഗൽ ലൈസൺ ഓഫീസറായി തെരഞ്ഞെടുക്കുന്നതിനുള്ള ഘടകങ്ങൾ

- ലീഗൽ ലൈസൺ ഓഫീസർമാരെ തിരഞ്ഞെടുക്കുന്നത് താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയായിരിക്കും.

| | | |
|---|---|---|
| 1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്/ ചുമതലപ്പെടുത്തിയ വ്യക്തി | - | കൺവീനർ |
| 2. ആഭ്യന്തര വകുപ്പ് സെക്രട്ടറി/ ചുമതലപ്പെടുത്തിയ വ്യക്തി | - | മെമ്പർ |
| 3. നിയമവകുപ്പ് സെക്രട്ടറി/ ചുമതലപ്പെടുത്തിയ വ്യക്തി | - | മെമ്പർ |
| 4. നോർക്ക വകുപ്പ് സെക്രട്ടറി/ ചുമതലപ്പെടുത്തിയ വ്യക്തി | - | മെമ്പർ |

- യോഗ്യനായ വ്യക്തിയെ ലീഗൽ ലൈസൺ ഓഫീസറായി തിരഞ്ഞെടുക്കുന്നത് പരസ്യം നൽകി അപേക്ഷകൾ ക്ഷണിച്ചായിരിക്കും.
- നോർക്ക-റൂട്ട്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലും, സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും, കൂടാതെ കേരളത്തിലുടനീളവും, ഗൾഫ് രാജ്യങ്ങളിലും സർക്കുലേഷനുള്ള ഏതെങ്കിലും മലയാളം പത്രത്തിലും പരസ്യം നൽകിയായിരിക്കും അപേക്ഷകൾ ക്ഷണിക്കുക.

## മറ്റ് നിബന്ധനകൾ

- ഹോണറേറിയം ഇന്ത്യൻ രൂപയായിട്ടായിരിക്കും നൽകുക. ലീഗൽ ലൈസൺ ഓഫീസറായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് ദേശസാത്കൃതബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ലീൽ ലൈസൺ ഓഫീസറുടെ നിയമന കാലാവധി 2 വർഷത്തേക്കായിരിക്കും. കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനം ലീഗൽ ലൈസൺ ഓഫീസർ കാഴ്ചവയ്ക്കാത്ത പക്ഷം നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.
- തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നോർക്ക-റൂട്ട്സ് തയ്യാറാക്കിയിട്ടുള്ള കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.